

## സ്നേഹാലയം - മുതലക്കോടം

സ്ഥാപനം : 2000

അഗതികളായ വയോവൃദ്ധർക്കുവേണ്ടി ശ്രീ. എൻ. വി. ജോസഫ് 2000-ാം ആണ്ടിൽ സ്ഥാപിച്ചതാണ് സ്നേഹാലയം. 2000 ഏപ്രിൽ 21-ാം തിയതി 6 അഗതികളെ സ്വീകരിച്ചുകൊണ്ട് സ്നേഹാലയത്തിന്റെ പ്രവർത്തനമാരംഭിച്ചു. ഇതിന്റെ മേൽനോട്ടം വഹിക്കുവാൻ തന്റെ മകൾ അംഗമായിരിക്കുന്ന ആരാധനാ മഠം സിസ്റ്റേഴ്സിനെയാണ് ക്ഷണിച്ചത്. അതനുസരിച്ച് ഏറ്റെടുത്ത ഈ സ്ഥാപനം 2001 മുതൽ സ്നേഹാലയം ട്രസ്റ്റായി നിർമ്മലഭവന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. 3 പേരടങ്ങുന്ന ഒരു ഭവനസമൂഹത്തിനും അവിടെ രൂപം കൊടുത്തു. ഇപ്പോൾ 50 പേരോളം വൃദ്ധജനങ്ങൾ അവിടെ സംതൃപ്തിയോടെ കഴിയുന്നു. എല്ലാ ദിവസവും പ്രഭാതബലിയും തുടർന്ന് 13 മണി ആരാധനയും ഇവിടെ ഉണ്ട്. പ്രൊവിൻസിന്റെ നിത്യാരാധന ഭവനങ്ങളിലൊന്നാണിത്. മാസത്തിലൊരു ദിവസം ഏകദിന ധ്യാനമായി ആചരിക്കുന്നു. പണ്ഡിതരായ ആത്മീയ ഗുരുക്കന്മാർ ഇതിന് നേതൃത്വം കൊടുക്കുന്നു.